**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6642** **11-07-2024 - ൽ മറുപടിയ്ക്ക്**

**ചരിത്രത്തെ തമസ്കരിക്കുന്നതിനെതിയുള്ള നിലപാട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചരിത്ര സത്യങ്ങളെ തമസ്കരിക്കാനുള്ള കേന്ദ്രസർക്കാറിന്റെ നിലപാടുകൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ചരിത്ര സത്യങ്ങളെ തമസ്കരിക്കുന്ന കേന്ദ്രസർക്കാരിന്റെ നിലപാടുകൾക്കെതിരെ ശക്തമായ നിലപാടുകളാണ് കേരളം സ്വീകരിച്ചുവരുന്നത്. കുട്ടികളുടെ പഠനഭാരം ലഘൂകരിക്കാനെന്ന പേരിൽ എൻ.സി.ഇ.ആർ.ടി. 6-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള പാഠപുസ്തകങ്ങളിൽ നിന്നും ചില പാഠഭാഗങ്ങൾ ഒഴിവാക്കിയിരിക്കുന്നു. ഒഴിവാക്കിയ പാഠഭാഗങ്ങളിൽ ചരിത്രപ്രാധാന്യമേറിയ മുഗൾ ഭരണകാലഘട്ടം പൂർണ്ണമായും ഒഴിവാക്കുകയുണ്ടായി. കൂടാതെ ഗാന്ധിവധം, ആർ.എസ്.എസിന്റെ നിരോധനം, ബാബറി മസ്ജിദ് തകർക്കൽ എന്നീ ഭാഗങ്ങളും ഒഴിവാക്കപ്പെട്ടു. 11, 12 ക്ലാസ്സുകളിൽ എൻ.സി.ഇ.ആർ.ടി. ഒഴിവാക്കിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തി കേരളം വിശേഷാൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ചരിത്രം, സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ് എന്നീ വിഷയങ്ങൾക്കാണ് അഡീഷണൽ പുസ്തകങ്ങൾ പുറത്തിറക്കിയത്. ഈ രീതിയിൽ ചരിത്രം തമസ്കരിക്കുന്നതിനെതിരെ നിലപാട് എടുത്ത ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. |
| (ബി) | ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രം പഠിപ്പിക്കുന്നതിൽ നിന്നും സംസ്ഥാനത്തെ വിദ്യാലയങ്ങളെ ഒഴിവാക്കുന്നതിന് എന്തെങ്കിലും നീക്കങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രം പഠിപ്പിക്കുന്നതിൽ നിന്നും സംസ്ഥാനത്തെ വിദ്യാലയങ്ങളെ ഒഴിവാക്കുന്നതിന് നീക്കങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന സിലബസ് പഠിപ്പിക്കുന്ന എല്ലാ വിദ്യാലയങ്ങളിലും എസ്.സി.ഇ.ആർ.ടി. തയ്യാറാക്കുന്ന പാഠപുസ്തകങ്ങളാണ് പഠിപ്പിക്കുന്നത്. ഈ പാഠപുസ്തകങ്ങളിൽ ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രം പ്രാധാന്യം നൽകി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ